(ബി) ജില്ലാ തലസ്ഥാനങ്ങളിലുള്ള ബസ്സ് സ്റ്റാൻഡുകളിൽ സൌകര്യവും വൃത്തിയുമുള്ള കക്കൂസുകളും മൂത്രപ്പുരകളും കുടിവെറിംഗ് ഷെഡ്ഡുകളും നിർമ്മിക്കാൻ ഗവണ്മെൻറാലോചിക്കുന്നുണ്ടോ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി വി. തോമസ്):

(എ) ഉണ്ട്; എന്നാൽ ജില്ലാ തലസ്ഥാനങ്ങളിലുള്ള ബസ്സ് സ്റ്റാൻഡുകളിൽ മെച്ചപ്പെട്ടവിസർജ്ജനത്തിനുള്ള സാമാന്യ സൌകര്യങ്ങൾ ചെയ്യുവരുന്നുണ്ട്.

(ബി) ഇപ്പോഴുള്ള സൌകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടികൾ എടുത്തിട്ടുണ്ട്.

ലോൺ കൊടുക്കാനുള്ള വ്യവസ്ഥകൾ.

* 1790. [39] ശ്രീ. കെ. അവുക്കാദർകുട്ടി നഹ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) അസംബ്ലി മെമ്പറന്മാർക്ക് ലോൺ കൊടുക്കുവാനുള്ള വല്ല വ്യവസ്ഥയുമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം ആവശ്യങ്ങൾക്കാണ് ലോൺ നൽകുക;

(ഡി) ഇതിനു വല്ല സെക്യൂരിറ്റിയും ആവശ്യമാണോ;

(ഇ) വല്ല മെമ്പറന്മാർക്കും ലോൺ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു വ്യവസ്ഥയിൽ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഇല്ല.

(ബി, സി, ഡി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

(ഇ) ഉണ്ട്. ഡെപ്യൂട്ടിസ്പീക്കർ ശ്രീമതി കെ. കെ. ഐഷാബായിക്ക് 4 1/2 ശതമാനം സാധാരണപലിശ 1 ശതമാനം വീഴ്ചപ്പലിശ (penal interest) എന്നീ നിരക്കിൽ 7000 രൂപ കാർ വാങ്ങിക്കുന്നതിനായി സ്പെഷ്യൽ വായ്പ കൊടുത്തിട്ടുണ്ട്. ഈ തുകയും പലിശയും ശമ്പളത്തിൽനിന്നു പ്രതിമാസം 200 രൂപാവീതവും ശമ്പളമില്ലാതെവരുമ്പോൾ ബാക്കി മൊത്തമായും അടച്ചുതീർക്കേണ്ടതാണ്. മുന്നിൽപ്പരം ഏക്കർ സ്ഥാവരവസ്തുക്കൾ ജാമ്യമായി കൊടുത്തിട്ടുള്ളതുകൂടാതെ വാങ്ങിക്കുന്ന കാർ ഗവണ്മെൻറിലേക്ക് പണയപ്പെടുത്തേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly